IVO-5/49/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

അഫ്സൽ.എം.പി
മഠത്തിൽപുര
കിളിയന്തറ.പി.ഒ
വള്ളിത്തോട്.

സർ,

വിഷയം - അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും റഗുലറൈസേഷൻ പെർമിറ്റ് അനുവദിക്കാത്തത് -- - സംബന്ധിച്ച്.

സൂചന: താങ്കൾ, സ്ഥിരം അദാലത്ത് സമിതിയിൽ സമർപ്പിച്ച അപേക്ഷ.

................................

അയ്യൻകുന്ന് പഞ്ചായത്തിൽ വാർഡ് 15 സർവ്വെ നം. 831/1-106-2, 833/1-107-2 എന്ന സ്ഥലത്ത് നിർമ്മാണം തുടങ്ങിയ ശ്രീ.അഫ്സൽ.എം.പി എന്നവരുടെ റസിഡൻഷ്യൽ കെട്ടിടത്തിന് റഗുലറൈസേഷൻ അപേക്ഷ സങ്കേതം ലോഗിനിൽ 09/04/2023 ന് എൽബിഎസ് അയച്ചിരുന്നു. എന്നാൽ 10/04/2023 ന് 3.00 മണിക്ക് ടി ഫയൽ പഞ്ചായത്തിൽ സങ്കേതം ലോഗിനിൽ തുറന്ന് പരിശോധിച്ചു. ആയതിന്റെ ഹാർഡ് കോപ്പി 24/05/2023 ന് പഞ്ചായത്തിൽ സമർപ്പിച്ചു. 02/06/2023 ന് സെക്ഷൻ, അന്വേഷണത്തിനായി ഫയൽ ഓവർസിയർക്ക് കൈമാറി. 15/07/2023 ന് പഞ്ചായത്ത് എഞ്ചിനീയർ അപേക്ഷകൻ ന്യൂനത പരിഹരിച്ച് സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ റഗുലറൈസേഷൻ പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് എന്ന് റിപ്പോർട്ട് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 128403 രൂപ റഗുലറൈസേഷൻ ഫീസ് അടയ്ക്കണമെന്ന് അറിയിപ്പ് നൽകി. എന്നാൽ അപേക്ഷകൻ 5984 രൂപ അടക്കാൻ തയ്യാറാണെന്ന് അറിയിച്ചു.

ആയതിനാൽ എൽ.ബി.എസ് ന്റെ സങ്കേതം ലോഗിനിൽ നിന്നും അഫ്സൽ.എം.പി എന്നവരുടെ റഗുലറൈസേഷൻ അപേക്ഷ അയ്യൻകുന്ന് പഞ്ചായത്തിന്റെ സങ്കേതം ലോഗിനിൽ സെന്റ് ചെയ്ത ദിവസവും സമയവും അറിയിച്ച് തരുവാൻ എക്സി.ഡയരക്ടർ,ഐകെഎം ന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന് IKM/GP/4454/2023 Dt: 26/12/2023 പ്രകാരം എക്സി.ഡയരക്ടർ, ഐകെഎം 17/01/2024ന് ഒപ്പിട്ട് അയച്ച അറിയിപ്പിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി കത്ത് നൽകിയിട്ടുണ്ട്.

Ayyankunnu Grama Panchayath in Kannur

Name of Applicant. Afsal.M.P

Application No. A3/2871/2023

Registration No.1998100

Fee calculation date: 09/04/2023

Regulatization rate: 5984.86

Permit Area : 427.49

ആയതിനാൽ എക്സി.ഡയരക്ടർ, IKM/GP/4454/2023 തീയ്യതി:26/12/2023ലെ കത്തിന്റെ അടിസ്ഥാനത്തിൽ റഗുലറൈസേഷൻ പെർമിറ്റ് ഫീസ് 5984.86 രൂപ ഈടാക്കി ശ്രീ.അഫ്സൽ.എം.പി യുടെ അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് സ്ഥിര അദാലത്ത് ഉപസമിതി 07/01/2024 ന് ചേർന്ന അദാലത്തിൽ തീരുമാനിച്ച വിവരം അറിയിക്കുന്നു. ഐകെഎം എക്സി.ഡയരക്ടറുടെ കത്തിന്റെ കോപ്പി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
07/02/2024

പകർപ്പ്:-
സെക്രട്ടറി
അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്.